# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 4144

20.03.2018-ൽ മറുപടി പറയേണ്ടത്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുള്ള പ്രക്രിയ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടന്നുവരുന്നു. ഗ്രാമപഞ്ചായത്തുകൾ അവരുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഗ്രാമപഞ്ചായത്തുകൾ സ്വന്തമായി ഇതിനു വേണ്ടിയുള്ള കൺസൽട്ടന്റുമാരെയും സർട്ടിഫിക്കേഷൻ ബോഡിയെയും തെരഞ്ഞെടുത്ത് ഈ പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നതിനാൽ വളരെ കുറച്ചു പഞ്ചായത്തുകൾക്ക് മാത്രമേ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ സാധിച്ചിട്ടുള്ളൂ. ഇതിന്റെ വെളിച്ചത്തിൽ കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകൾക്കും വേണ്ടി കേന്ദ്രീകൃതമായി കൺസൾട്ടന്റിനെയും സർട്ടിഫിക്കേഷൻ ബോഡിയെയും നിയമിക്കുന്നതിനും അതുവഴി സമയബന്ധിതമായി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുമുള്ള പദ്ധതി ഇപ്പോൾ പഞ്ചായത്ത് വകുപ്പ് നടപ്പാക്കിവരുന്നു. |
| (ബി) | സംസ്ഥാനത്ത് ഇതിനകം പ്രസ്തുത പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ച പുരോഗതി വിശദീകരിക്കാമോ; ഇതിലൂടെ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് | (ബി) | ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുകയും അതു വഴി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുകയും ചെയ്ത ഗ്രാമപഞ്ചായത്തുകളിൽ സേവന പ്രദാനത്തിൽ മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്രീയമായ |

| | | | |
|---|---|---|---|
| | വേഗത്തിലും എളുപ്പത്തിലും ലഭ്യമാക്കാൻ സാധിക്കുന്നത്; വിശദമാക്കാമോ; | | രീതിയിൽ റെക്കോർഡ് റൂം സജ്ജീകരിക്കുകയും, ക്വാളിറ്റി സർക്കിൾ രൂപീകരിക്കുകയും, പഞ്ചായത്തുകളിൽ വരുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുകയും നടപ്പാക്കിയ ക്വാളിറ്റി സിസ്റ്റത്തിന്റെ നിരന്തര മൂല്യനിർണയവും മെച്ചപ്പെടുത്തലും നടപ്പാക്കുകയും വഴി പൊതു ജനങ്ങൾക്കുള്ള സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച ഫണ്ട് എത്രയാണ്; പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഈ പദ്ധതിക്കായി നാലു കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ